**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1560** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ ശലഭ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലയിൻകീഴ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിനോട് അനുബന്ധിച്ച് ശലഭ പാർക്ക് നിർമ്മിക്കുന്നതിനുള്ള ഭൂമിക്ക് ഉപയോഗാനുമതി നൽകുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (എ) | നെയ്യാറ്റിൻകര താലൂക്കിൽ മലയിൻകീഴ് വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ-സർവ്വേ നമ്പർ 6/7 ൽ പ്പെട്ടതും, വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ളതുമായ ഭൂമിയാണ് മലയിൻകീഴ് ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി വ്യാവസായിക പരിശീലന വകുപ്പിന് ഉപയോഗാനുമതിയാണ് ലഭ്യമായിട്ടുള്ളത്. ഐ.ടി.ഐ നടത്തിപ്പിനായി അനുവദിച്ച് തന്നിട്ടുള്ള പ്രദേശത്ത് ചിത്രശലഭ പാർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച ശിപാർശ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ